# അക്കാദമിക

# മാസ്റ്റർ പ്ലാൻ

# 2025-2026

## എൽ.എം.എസ്.എൽ.പി.എസ്

## അമ്പിലിക്കോണം

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സമഗ്രഗുണമേൻമയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ മികച്ച കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് സർവശിക്ഷ കേരള (എസ്.എസ്.കെ)യുടെ ലക്ഷ്യം.ഇതിന്റെ ഭാഗമായി ഓരോ കുട്ടിയുടേയും അറിവും കഴിവും അതത് പ്രായഘട്ടത്തിന് അനുസൃതമായും കരിക്കുലം വിഭാവം ചെയ്ത പ്രകാരവും ഏറ്റവും മികവാർന്ന തരത്തിലേക്ക് നമ്മുടെ സ്കൂൾ വികസിപ്പിക്കേണ്ടതാണ്.

ഈ കാര്യങ്ങൾ ഉറപ്പാക്കാൻ അക്കാദമികമായി നമ്മുടെ സ്കൂളിൽ നിന്നും ഏതെല്ലാം അദ്ധ്യാപകർ പങ്കെടുത്തുവോ അവരെല്ലാം കൃത്യമായി ആസൂത്രണം ചെയ്തതിന്റെ ഭാഗമാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ. ഭിന്നശേഷി കുട്ടികളേയും കൂടി ഉൾപ്പെടുത്തി ഹാപ്പി സ്കൂൾ ആക്കുകയാണ് നമ്മുടെ ലക്ഷ്യം.

അക്കാദമിക ആസൂത്രണത്തിന്റെ ഭാഗമായി മാത്രമേ കുട്ടികളെ പൊതുവായതും ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവുകളും പരിമിതികളും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികളും പഠനമുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കുവാൻ നമുക്കു കഴിയൂ.ഇങ്ങനെയുള്ള ഒരു സ്ഥാപനത്തിന്റെ ആത്യന്തികവും പരിപൂർണവുമായ

അക്കാദമിക മാസ്റ്റർപ്ലാനാണിത്.പുരാതനമായ ഒരു വിദ്യാലയമാണിത്.1835-ൽ സ്ഥാപിതമായ ഈ വിദ്യാലയം ഇന്നും കുരുന്നുകൾക്കായുള്ള അക്ഷരദീപങ്ങൾ പങ്കുവയ്ക്കാൻ ഉത്തരവാദിത്ത പൂർണമാണ്.

ഇതിലൂടെ വികാസ മേഖലകളായ

1. ഭാഷാവികാസം
2. വൈകാരിക സാമൂഹിക വികാസം
3. ശാരീരിക ചാലക വികാസം
4. സർഗ്ഗാത്മക വികാസം
5. വൈജ്ഞാനിക വികാസം

എന്നിവ പരിപോഷിപ്പിക്കുന്നതാണ്.

# ലക്ഷ്യങ്ങൾ

* ക്ലാസ്സ് അടിസ്ഥാനത്തിൽ അക്കാദമിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് മുൻഗണനയും വാർഷിക ലക്ഷ്യവും നിർണയിക്കുന്നതിന് അധ്യാപകരെ സജ്ജരാക്കുക.
* ലക്ഷ്യം നേടുന്നതിനാവശ്യമായ പ്രവർത്തന പാക്കേജിനെ സംബന്ധിച്ച ധാരണ രൂപീകരിക്കുക.
* ക്ലാസ് അക്കാദമിക മാസ്റ്റർപ്ലാനിന്റെ നിർവഹണം ജൂണിൽ തന്നെ ആരംഭിക്കുന്നതിന് സഹായകമായ ആശയങ്ങൾ രൂപപ്പെടുത്തുക.
* ക്ലാസ് അക്കാദമിക മാസ്റ്റർ പ്ലാനും സ്കൂൾ അക്കാദമിക മാസ്റ്റർപ്ലാനും വ്യക്തിഗത അക്കാദമിക മാസ്റ്റർപ്ലാനും തമ്മിലുള്ള ബന്ധം തിരിച്ചറിയുക.
* ഭിന്നശേഷി കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് പുതിയ ആശയങ്ങൾ, വസ്തുതകൾ എന്നിവ രൂപപ്പെടുത്തുക.
*ശാസ്ത്രപരമായ നിരീക്ഷണശേഷി, പ്രകൃതിയോടുള്ള അടുപ്പം, സ്വയം പഠനശേഷി, കൂട്ടായ്മ, ഉത്തരവാദിത്വം എന്നിവ വളർത്തുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ നൽകുക.
* ടാൻഗ്രാം പരിചയപ്പെടുകയും ടാൻഗ്രാം ഉപയോഗിച്ച് മാതൃകകൾ നിർമിക്കയും ചെയ്യുക.

* ഓരോ ക്ലാസിലെയും കുട്ടികൾ നേരിടുന്ന ഭാഷാപരമായ വെല്ലുവിളികളെ മറികടക്കുന്നതിനുള്ള പ്രവർത്തനാസൂത്രണം നടത്തി ഭാഷാവികാസമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുക.
* 2025 മേയ് മാസത്തിൽ നടത്തിയ അധ്യാപക ശാക്തീകരണത്തിൽ രൂപപ്പെട്ട നവ ആശയങ്ങളായ രചനാപരിചയക്കുറിപ്പ്,സുംബപരിശീലനം സ്പീച്ച് ബബിൾസ് എന്നിവ സമയബന്ധിതമായി നടപ്പിലാക്കുക.
* ഒന്നു മുതൽ നാലു വരെ ക്ലാസുകളിലെ പാഠഭാഗങ്ങൾ കേവലം മനഃപാഠമാക്കുക എന്നതിലുപരി കുട്ടികളിലെ ബഹുമുഖ ബുദ്ധി കണ്ടെത്തി അറിവു നിർമാണ പ്രക്രിയയുടെ ശാസ്ത്രീയ വശങ്ങൾ പിൻ തുടർന്ന് വിലയിരുത്തൽ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തിഗത വിലയിരുത്തൽ നടത്തുന്നതിന് ഓരോ കുട്ടിയെയും പ്രാപ്തരാക്കുക.
* ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവുമായ പാഠ്യപദ്ധതിയിൽ നമ്മുടെ സ്കൂളിന്റെ പങ്ക് തിരിച്ചറിഞ്ഞ് പ്രവർത്തിക്കുക. ഇതിന് ആവശ്യമായ നവീനസങ്കേതങ്ങൾ ഉപയോഗപ്പെടുത്തുക.

# വിദ്യാലയ ചരിത്രം

നെയ്യാറ്റിൻകര താലൂക്കിലെ കാരോട് വില്ലേജിൽ അമ്പിലിക്കോണം എന്ന അതിരമണീയവും ഹരിതഭംഗി യാർന്നതുമായ ഗ്രാമത്തിലാണ് ഞങ്ങളുടെ സ്കൂളായ അമ്പിലിക്കോണം എൽ.എം.എസ്.എൽ.പി.സ്കൂൾ സ്ഥിതി ചെയ്യുന്നത്. 1835-ൽ ലണ്ടൻ മിഷണറിയായ റവ.ന്യൂപോർട്ട് എന്ന മിഷണറി ആരാധനാലയവും അതിലുപരി ഒരു പള്ളിക്കൂടവും പണിതു. നാട്ടിലെ ദരിദ്രരുടെ മക്കൾക്ക് പ്രാഥമികവിദ്യാഭ്യാസം നേടുന്നതിനും സാമൂഹികമായ പരിഷ്കാരങ്ങൾ വരുത്തുന്നതിനും പുതിയ തലമുറയെ വിദ്യാഭ്യാസത്തിന്റെ വഴിയിൽ നടത്തുന്നതിനുമായി 1931-ൽ ഓല മേഞ്ഞ ഷെഡ് മാറ്റി ഓട് മേഞ്ഞ കെട്ടിടം പണിതു.

# അധ്യാപകർ

നിലവിൽ ഞങ്ങളുടെ സ്കൂളിൽ പ്രഥമാദ്ധ്യാപിക ഉൾപ്പെടെ 4 അധ്യാപകർ സ്ഥിരം ജീവനക്കാരായി ജോലി ചെയ്തുവരുന്നു. എല്ലാ അദ്ധ്യാപകരും അദ്ധ്യാപക സംഗമത്തിൽ പങ്കെടുത്തുവരുന്നു. ഞങ്ങൾക്ക് ലഭിച്ച പരിശീലന നേട്ടങ്ങൾ കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിന് പൂർണമായും പ്രയോജനപ്പെടുത്തി വരുന്നു. ഇതിലൂടെ ക്ലാസ് തല പരീക്ഷകളിലും സ്കോളർഷിപ്പ് പരീക്ഷകളിലും കുട്ടികൾക്ക് ഉന്നതവിജയം കരസ്ഥമാക്കാൻ സാധിച്ചിട്ടുണ്ട്.

ഈ സ്കൂളിൽ പഠിപ്പിക്കുന്ന എല്ലാ അദ്ധ്യാപകരുടെയും മക്കൾ സർക്കാർ/ എയ്ഡഡ് സ്കൂളിൽ തന്നെ പഠിച്ചവരും പഠിക്കുന്നവരുമാണ് എന്ന വസ്തുതയും എടുത്തു പറയേണ്ടതാണ്.

1. ലൈല.എച്ച്.എൽ (പ്രഥമാദ്ധ്യാപിക)
2. ഷൈമസൈലസ്
3. ജിയോസിൽ.ജി.എസ്
4. അനിലഐസക്ക്

# ഞങ്ങൾ ഏറ്റെടുത്ത പ്രവർത്തനങ്ങൾ

* ഭാഷാവികാസം
* സാമൂഹിക വൈകാരിക വികാസം
* ശാരീരിക ചാലക വികാസം -

  സുംബ, ലഘുവ്യായാമങ്ങൾ
* സർഗ്ഗാത്മക വികാസം
* വൈജ്ഞാനിക വികാസം
* ക്ലാസ് പി.ടി.എ സജീവമാക്കൽ
* പച്ചക്കറിത്തോട്ട വിപുലീകരണം
* ദിനാചരണം

*സർഗാത്മക ഡയറി

*റീഡേഴ്സ് തിയേറ്റർ

*സ്പീച്ച് ബബിൾസ്

*നവസാങ്കേതികവിദ്യ

*പരീക്ഷകൾ

*ബഡ്ഡിസിസ്റ്റം

*രചനാപരിചയക്കുറിപ്പ്

# പ്രവർത്തനം 1

**മേഖല :** ഭാഷാവികസനം

**സമയം :** ജൂൺ മുതൽ സെപ്റ്റംബർ വരെ

**ലക്ഷ്യം :**
- എഴുത്തിലും വായനയിലുമുള്ള പിന്നാക്കാവസ്ഥ പരിഹരിക്കുക
- വായനയിലുടെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുക
- സചിത്രപാഠപുസ്തക നിർമാണത്തിലൂടെ ഭാഷാവികസനം സാധ്യമാക്കുക
- സർഗാത്മക ഡയറിയിലൂടെയും സംയുക്തഡയറിയിലൂടെയും സർഗാത്മകതയുടെ വികാസം സാധ്യമാക്കുക
- രചനാപരിചയക്കുറിപ്പ് എന്ന നൂതനാശയം പരിചയപ്പെടുത്തി നടപ്പിലാക്കുക
- റീഡേഴ്സ് തിയേറ്റർ നടപ്പിലാക്കുക

## എഴുത്തിലും വായനയിലുമുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുക

സ്കൂളിലെ വിദ്യാർത്ഥികളിൽ അസസ്മെന്റ് ടെസ്റ്റ് നടത്തി .ഒരു ചെറിയ വിഭാഗം കുട്ടികൾക്ക് വായനയിലും ലേഖനത്തി ലും പലതരത്തിലുള്ള വെല്ലുവിളികൾ നേരിടുന്ന തായി കണ്ടെത്തി. ഇതിനുള്ള പരിഹാരം എന്ന നില യിൽ (മലയാളം മനോരമം) എന്ന പേരിൽ ഒരു സഹായപഠനം നട ത്താൻ തീരുമാനിച്ചു. ഇത് അധ്യാപകരുടെ നേതൃത്വത്തിൽ നന്നായി എഴുത്തും വായനയും അറിയാവുന്ന കുട്ടികളാണ് നട ത്തുന്നത്. അതിലൂടെ സഹപഠനം എന്ന ആശയത്തിന് കുട്ടിക ളുടെ ഇട യിൽ കൂടുതൽ പ്രാധാന്യം നൽകാനും കുട്ടികളിൽ നേതൃത്വ പാടവം എന്ന ഗുണകരമായ കഴിവ് നേടിയെടുക്കാനും സഹാ യിക്കുന്നു. ഈ പ്രവർത്തനം എല്ലാ കുട്ടികളും സ്വന്തമായി അക്ഷരത്തെറ്റില്ലാതെ എഴുതുകയും ആശയഗ്രഹണത്തോടെയും ഒഴുക്കോടെയും സ്ഫുടതയോ ടെയും വായിക്കുകയും ചെയ്യുന്നതു വരെ തുടരും. നിലവിൽ ഉച്ചസമയത്തെ ഇടവേളയിലും രാവിലെ അരമണിക്കൂറും ആവശ്യമെങ്കിൽ കൂടുതൽ സമയം കണ്ടെത്തിയും ഇത് നടപ്പിലാക്കും.

## വായനയിലൂടെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുക

ആവർത്തിച്ചുള്ള വായനയിലൂടെ മാത്രമേ കുട്ടികളിൽ ഒഴുക്കോടെയുള്ള വായനയും ആശയഗ്രഹണവും സാധ്യമാവുകയുള്ളു എന്ന വസ്തുത മുന്നിൽക്കണ്ട് ക്ലാസ്

ലൈബ്രറികളിൽ നിന്നുള്ള പുസ്തകങ്ങൾ ഓരോരുത്തർക്കും നൽകുന്നതിനും പുസ്തകവിവരങ്ങൾ രേഖപ്പെടുത്തി വയ്ക്കു ന്നതിനുമായി രണ്ടു കുട്ടികളെ വീതം ക്ലാസുകളിൽ ചുമതല യേൽപിക്കുകയും ഓരോരുത്തർക്കും അവർക്കിഷ്ടമുള്ള പുസ്തകങ്ങൾ തിരഞ്ഞെടുക്കാൻ അവസരം നൽകുകയും ചെയ്യുന്നു. വായിച്ച പുസ്തകത്തിലെ ആശയം ചുരുക്കമായി പറയുന്നതിനുള്ള അവസരം ക്ലാസ്മുറികളിൽ ഒരുക്കുന്നു.

## സചിത്ര പാഠപുസ്തകനിർമാണത്തിലൂടെ ഭാഷാവികസനം സാധ്യമാക്കുക

സചിത്ര പാഠപുസ്തകം ഒന്ന്, രണ്ട് ക്ലാസുക ളിൽ വിജയകരമായി പൂർത്തിയാക്കുന്നതിന് ഞങ്ങൾക്ക് സാധിച്ചു. അതിന്റെ തുടർച്ചയെന്നോണം ഈ വർഷവും ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. പഠന പ്രവർത്തനാനു ബന്ധമായതിനാൽ ഈ അധ്യയനവർഷം മുഴുവൻ ഈ പ്രവർ ത്തനം തുടരും. സ്വതന്ത്രഎഴുത്ത്, വായന, ലഘു ആശയ ഗ്രഹണം, ചിത്രരചന, ഉചിതമായ വ്യവഹാര രൂപങ്ങൾ എന്നിവ ക്ലാസ്തല നിലവാരത്തിനനുസരിച്ച് വളർത്തിയെടുക്കാൻ സാധിക്കുന്നു.

## സംയുക്ത ഡയറി

ഒന്ന്, രണ്ട് ക്ലാസുകളിലെ പ്രശംസനീയ പ്രവർത്തനമായ സംയുക്ത ഡയറി എല്ലാ കുട്ടികളും തുടക്കത്തിൽ രക്ഷകർത്താക്കളുടെ സഹായ ത്തോടെയും പിന്നീട് സ്വന്തമായിട്ടും ചെയ്യും. ഡയറി എഴുത്ത് എന്നതിൽ നിന്നും

തികച്ചും വ്യത്യസ്തമായി കുട്ടികളുടെ വീക്ഷണങ്ങളും ചിന്തകളും ഉചിതമായ വ്യവഹാര രൂപങ്ങളിൽ എഴുതാൻ ഈ പ്രവർത്തനത്തിന് സാധിച്ചു. അതുപോലെ ഈ വർഷവും സംയുക്ത ഡയറിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു.
അധ്യയനവർഷം മുഴുവൻ ഈ പ്രവർത്തനം തുടരുന്നതാണ്.

## സർഗാത്മക ഡയറി

ഭാഷയിലെ അറിവ് നിർമാണ പ്രക്രിയ കൂടുതൽ ഫലപ്രദ മാക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ വർഷത്തെ അധ്യാപക സംഗമ ത്തിൽ രൂപം കൊണ്ടതും ഒന്ന്, രണ്ട് ക്ലാസുകളിലെ സംയുക്ത ഡയറിയുടെ തുടർച്ചയെന്നോണം മൂന്ന്, നാല് ക്ലാസുകളിലെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്ന ഒരു നൂതനാശയമാണ് സർഗാത്മക ഡയറി. ഒരാഴ്ചയിൽ രണ്ടെണ്ണം വീതം തിങ്കൾ, വ്യാഴം ദിവസങ്ങളിൽ പരസഹായമില്ലാതെ ഉചിതമായ ചിത്ര ങ്ങൾ വരച്ച് തയ്യാറാക്കിക്കൊണ്ടു വരികയും പരസ്പര വിലയിരുത്തൽ നടത്തിയശേഷം അധ്യാപകരെ കാണിക്കുകയും അതിൽ എന്തെങ്കിലും തെറ്റുകളുണ്ടെങ്കിൽ അധ്യാപകരുടെ സാന്നിധ്യത്തിൽ എഴുതിയ കുട്ടി തന്നെ തിരുത്തുകയും ചെയ്യുന്നു. ഇത് പരസ്പര വിലയിരുത്തൽ, സ്വയം വിലയിരുത്തൽ എന്നീ ഘട്ടങ്ങൾ കടന്നുപോകുന്ന പ്രക്രിയ ആയതിനാൽ കുട്ടികളിൽ നവാശയങ്ങളും ധാരണകളും രൂപപ്പെടുന്നതിന് സഹായകമാകും. ഒരു അധ്യയനവർഷമാണ് കാലയളവ്.

## റീഡേഴ്സ് തിയേറ്റർ

നാടകത്തിന്റെ സംഭാഷണ അവതരണത്തോട് സാദൃശ്യമുള്ളതും എന്നാൽ നാടകമല്ലാത്തതുമായ ഒരു സങ്കേതമാണ് റീഡേഴ്സ് തിയേറ്റർ. പാഠഭാഗങ്ങളെ ആസ്പദമാക്കി സംഭാഷണ രൂപത്തിൽ കഥ തയ്യാറാക്കുകയും അഭിനയമില്ലാതെ വാചികമായി ശബ്ദവ്യതിയാനത്തിലൂടെ കഥാപാത്രങ്ങളെ അവതരിപ്പിക്കാനും തുടക്കത്തിൽ ബുദ്ധിമുട്ടുകൾ നേരിട്ടാലും നല്ല രീതിയിൽ നടത്താൻ സാധിക്കും. എല്ലാ പാഠഭാഗങ്ങളും കഴിയുന്നതുവരെ ഈ പ്രവർത്തനം തുടരും.

## പരീക്ഷകൾ

പരീക്ഷകൾ കുട്ടികൾ സധൈര്യം നേരിടുന്നതിന് വായനയിലൂടെയുള്ള ആശയഗ്രഹണം അത്യാവശ്യമാണ് എന്ന വസ്തുത കണക്കിലെടുത്ത് ഒരു ഖണ്ഡിക കൊടുത്തശേഷം അതിൽ നിന്നും Multiple Choice Questions തയ്യാറാക്കാനുള്ള പരിശീലനം അധ്യാപകരുടെ നേതൃത്വത്തിൽ നൽകുന്നു. ഇത്തരത്തിലുള്ള ചോദ്യ നിർമാണവും ഉത്തരം കണ്ടെത്തലും സംഘമായും ഒറ്റയ്ക്കും ചെയ്യുന്നത് പഠനപുരോഗതിക്ക് സഹായകമാകുമെന്ന് കണ്ടെത്തിയതിന്റെ വെളിച്ചത്തിൽ അധ്യയന വർഷം ഈ പ്രവർത്തനം തുടരും.

# പ്രവർത്തനം 2

മേഖല ; സാമൂഹിക വൈകാരിക വികസനം

സമയം ; ഒരു വർഷം

ലക്ഷ്യം ; കുട്ടികളെ സാമൂഹിക വൈകാരിക പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുക

സ്കൂളിൽ പി.ടി.എ യുടെ നേതൃത്വത്തിൽ നടത്തുന്ന വിവിധ പ്രവർത്തനങ്ങളുടെ ധനശേഖരണാർത്ഥം കൈത്താങ്ങ് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. അതിൽ തങ്ങളാൽ കഴിയുന്ന തുക നിക്ഷേപിക്കുന്നതിലൂടെ കുട്ടികളിൽ പങ്കാളിത്തം, കൂട്ടായ്മ തുടങ്ങിയ സാമൂഹിക വൈകാരിക മേഖലയുമായി ബന്ധപ്പെട്ട നൈപുണികളുടെ വികാസം സാദ്ധ്യമാകുന്നു.

# പ്രവർത്തനം 3

മേഖല : ശാരീരിക ചാലക വികാസം

സമയം : എല്ലാ ദിവസവും

ലക്ഷ്യം : കുട്ടികളിൽ കായികശേഷി വർദ്ധിപ്പിക്കുക

ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി അധ്യാപകസംഗമത്തിൽ രൂപപ്പെട്ട സുംബഡാൻസിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിക്കുന്നു. കൂടാതെ എല്ലാ ദിവസവും അസംബ്ലിയിൽ ലഘുവ്യായാമപരിശീലനം

നൽകുകയും ചെയ്യുന്നു.

## പ്രവർത്തനം 4

മേഖല : സർഗാത്മക വികാസം

സമയം : എല്ലാ മാസവും

ലക്ഷ്യം : കുട്ടികളുടെ വിവിധതരം സൃഷ്ടികൾ (ചിത്രങ്ങൾ, കവിതകൾ, ലഘുവിവരണങ്ങൾ, അടിക്കുറിപ്പ്, അനുഭവക്കുറിപ്പ്, ചിത്രവായന, പ്രസംഗം, കവിതചൊല്ലൽ, കഥാരചന ) രൂപപ്പെടുത്തുകയും അവതരിപ്പിക്കുകയും ചെയ്യുക.

എല്ലാ ആഴ്ചയിലും സർഗവേള എന്ന പേരിൽ നിശ്ചിത സമയം മാറ്റി വച്ച് കുട്ടികൾക്ക് അവരുടെ കഴിവുകൾ സംഘമായും വ്യക്തിഗതമായും പ്രകടമാക്കുന്നതിനുള്ള അവസരം നൽകുന്നു.

കുട്ടികൾ രചിച്ച കവിത, കഥ, കാർട്ടൂൺ, ചിത്രങ്ങൾ തുടങ്ങിയ കലാസൃഷ്ടികൾ പി.ടി.എ യിൽ അവതരിപ്പിക്കുകയും പുസ്തകരൂപത്തിലാക്കി സൂക്ഷിക്കുകയും ചെയ്യുന്നു.

## പ്രവർത്തനം 5

മേഖല : വൈജ്ഞാനിക വികാസം

സമയം : ദിവസവും ക്ലാസ്മുറികളിലും ശാസ്ത്രദിനത്തിലും

ലക്ഷ്യം : കുട്ടികളിൽ ശാസ്ത്രബോധം, യുക്തിചിന്ത,
വൈജ്ഞാനിക മികവ്, ലക്ഷ്യബോധം
തുടങ്ങിയ ദൈനംദിന ജീവിതത്തിൽ
ഉൾപ്പെട്ട കാര്യങ്ങൾ നേടുന്നതിനുള്ള
സ്വയം പര്യാപ്തത കൈവരിക്കൽ

ഗണിത പഠനത്തിൽ ELPS മാതൃകയനുസരിച്ച് Experience, Language, Picture, Symbol ഓരോ പ്രവർത്തനത്തിലൂടെയും കടന്നുപോകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുകയും ചതുഷ് ക്രിയകളുമായി ബന്ധപ്പെട്ട പ്രശ്നനിർധാരണം നടത്തുന്നതിന് അനുയോജ്യമായ പ്രവർത്തനങ്ങൾ കളിനോട്ടുകളായും മുത്തുകളായും കൂട്ടം ചേർക്കലുകളായും ഒന്നു മുതൽ നാലാം ക്ലാസു വരെയുള്ള കുട്ടികൾക്ക് പ്രശ്നപരിഹരണത്തിനായി നൽകുന്നു.

സ്ഥാനവില ലളിതമായി കണ്ടെത്തുന്നതിന് അബാക്കസു കളുടെ ഉപയോഗം വിപുലീകരിക്കുന്നു.

ശാസ്ത്ര പഠനത്തിൽ SE മാതൃക അനുസരിച്ച് കുട്ടികൾ ഓരോ ശാസ്ത്ര പ്രവർത്തനത്തിലേർപ്പെടുമ്പോഴും SE ഘട്ടങ്ങളായ Engage, Explore, Explain, Elaborate, Evaluate എന്നിവയിലൂടെ കടന്നുപോകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ സജ്ജമാക്കുകയും ശാസ്ത്രബോധം, നിരീക്ഷണപാടവം എന്നിവ വർദ്ധിക്കുന്നതിനായി വായുവിന് ഭാരമുണ്ട്, പുളിയുള്ളവ ആസിഡ് സ്വഭാവമുള്ളവയാണ്, ശ്വസിക്കാൻ ഓക്സിജൻ ആവശ്യമാണ്, ഭൂമിക്ക് ഗുരുത്വാകർഷണം ഉണ്ട്, ജീവികളുടെ ആവാസവ്യവസ്ഥ വ്യത്യസ്തമാണ് തുടങ്ങിയ പ്രവർത്തനങ്ങൾ നൽകുകയും

ബന്ധപ്പെട്ട പരീക്ഷണങ്ങളിലൂടെ ശരിയായ വിവരങ്ങൾ കണ്ടെത്തി എന്റെ നിരീക്ഷണപുസ്തകത്തിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു.

## പ്രവർത്തനം 6

മേഖല : പച്ചക്കറിത്തോട്ട വിപുലീകരണം

സമയം : ദിവസവും

ലക്ഷ്യം : കുട്ടികളിൽ കാർഷികതാല്പര്യം വർദ്ധിപ്പിക്കുകയും അതിലൂടെ സ്വയം പര്യാപ്തത കൈവരിക്കുകയും ചെയ്യുക

കുട്ടികളും പി.റ്റി.എയും അദ്ധ്യാപകരും ചേർന്ന് സ്കൂളിലെ പച്ചക്കറിത്തോട്ടം വിപുലീകരിക്കുകയും അതിന്റെ പരിപാലനം കുട്ടികൾ ഏറ്റെടുക്കുകയും ചെയ്യുന്നു.

## പ്രവർത്തനം 7

മേഖല : ക്ലാസ് പി.റ്റി.എ

സമയം : ജൂൺ മുതൽ മാർച്ച് വരെ

ലക്ഷ്യം : കുട്ടികളുടെ സാമൂഹിക സാംസ്കാരിക അക്കാദമിക നിലവാരം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക

ആരോഗ്യപരമായ ഇടപെടലുകൾ നടത്തി പിന്നാക്കാവസ്ഥയിലുള്ള കുട്ടികളെ മുൻ നിരയിലെത്തിക്കുക

എല്ലാ മാസവും ആദ്യത്തെ ആഴ്ചയിലെ ഒരു ദിവസം ക്ലാസ് പി.റ്റി.എ നടത്തുന്നതിന് തീരുമാനിക്കുകയും നടത്തിവരികയും ചെയ്യുന്നു. അദ്ധ്യാപക രക്ഷകർത്തൃ ബന്ധം സുദൃഢമാക്കുന്നതിനും കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പങ്കുവയ്ക്കുന്നതിനുമുള്ള ഒരു വേദിയായി ക്ലാസ് പി.റ്റി.എ പ്രയോജനപ്പെടുന്നു.

## പ്രവർത്തനം 8

മേഖല : ദിനാചരണം

ലക്ഷ്യം : രാജ്യത്തിന്റെ പൈതൃകം കാത്തുസൂക്ഷിച്ച മഹാൻമാരുടെ ഓർമകൾ സൂക്ഷിക്കുക
കുഞ്ഞുഹൃദയങ്ങളിൽ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം , ആവാസ വ്യവസ്ഥ സംരക്ഷണം എന്നിവ നേടുക

പ്രധാനപ്പെട്ട ദിനാചരണങ്ങൾ സ്കൂളിൽ ആഘോഷിക്കുകയും അതിന്റെ ഡിജിറ്റൽ അവലോകനങ്ങൾ സ്കൂളിലും വിദ്യാഭ്യാസവകുപ്പിന്റെ വെബ്സൈറ്റിൽ ഉൾപ്പെട്ട സ്കൂൾ വിക്കിയിലും നിരന്തരം അപ്ലോഡ് ചെയ്യുകയും ചെയ്യുന്നു.

# പ്രവർത്തനം 9

മേഖല ; ടാൻഗ്രാം

ലക്ഷ്യം ; ഗണിതപഠനം രസകരമാക്കുക.

ഗണിതപഠനത്തിൽ താല്പര്യം വർദ്ധിപ്പിക്കുക.

ടാൻഗ്രം ഉപയോഗിച്ച് വിവിധ രൂപങ്ങളുടെ നിർമാണം തുടർപ്രവർത്തനങ്ങളായി നൽകുകയും ക്ലാസിൽ പ്രദർശിപ്പിക്കാനുള്ള അവസരമൊരുക്കുകയും ചെയ്യുന്നതിലൂടെ ഗണിതപഠനത്തിൽ താല്പര്യം വർദ്ധിപ്പിക്കുന്നതിനും ഗണിതപഠനം രസകരമാക്കുന്നതിനും സാധിക്കുന്നു.

# മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ– ഉപസംഹാരം

2025–2026 വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ ഒരു ഓപ്പൺ എൻഡഡ് മാസ്റ്റർ പ്ലാൻ ആയതിനാൽ ഇതിൽ കൂട്ടിച്ചേർക്കലുകൾ ഞങ്ങൾ നടത്തുന്നതാണ്. പ്രസ്തുത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന സമയത്ത് പ്രധാനാദ്ധ്യാപിക, എസ്.ആർ.ജി കൺവീനർ, മറ്റ് അദ്ധ്യാപകർ, പി.റ്റി.എ, എം.പി.റ്റി.എ അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു. എല്ലാവരുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും മാനിച്ച് നമ്മുടെ വിദ്യാലയം നേരിടുന്ന അക്കാദമിക സമസ്യകൾ , ഇവ പരിഹരിക്കാനുള്ള മാർഗനിർദ്ദേശങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി എസ്.ആർ.ജി കൺവീനർ രൂപപ്പെടുത്തിയതാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ. വിദ്യാലയത്തിലെ അദ്ധ്യാപക–അനദ്ധ്യാപക ജീവനക്കാരെല്ലാവരും ചേർന്ന് ഇതിന് പൂർണ പിന്തുണ നൽകുന്നതും എസ്.ആർ.ജി കൺവീനർ നേതൃത്വം നൽകുന്നതും ഒരു വർഷത്തിനുള്ളിൽ മേൽപറഞ്ഞ കാര്യങ്ങളെല്ലാം പൂർത്തീകരിക്കുന്നതുമാണ്.